**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 576** **24-08-2022 - ൽ മറുപടിയ്ക്ക്**

**കാസർകോട് കെ.എസ്.ഐ.ഡി.സി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കീഴിലുള്ള 1.99 ഏക്കർ സ്ഥലത്ത് പുതുതായി വ്യവസായം ആരംഭിക്കുന്നതിന് കഴിഞ്ഞ ബജറ്റിൽ അനുവദിച്ച 2.5 കോടി രൂപ വിനിയോഗിച്ച് ഏത് രീതിയിലുള്ള വ്യവസായം തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് കെ.എസ്.ഐ.ഡി.സി- യുടെ കീഴിലുള്ള 1.99 ഏക്കർ ഭൂമിയിൽ വ്യവസായം ആരംഭിക്കുന്നതിനായി 2022-23 ബജറ്റിൽ സർക്കാർ 2.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് ചുറ്റുമതിൽ കെട്ടുന്നതിനായി 33 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി 1.99 ഏക്കർ ഭൂമിയിൽ ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ഒരു മാതൃക വ്യവസായ സമുച്ചയ കെട്ടിടമാണ് ഉദ്ദേശിച്ചിരിക്കുന്നത്. കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രാരംഭനടപടികൾ നടന്നുവരികയാണ്. ഭക്ഷ്യ, കാർഷിക മേഖലയിൽ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഉൽപാദനവും, പാക്കിംഗും മറ്റു വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനും അനുയോജ്യമായിട്ടാണ് കെട്ടിടം രൂപകൽപന ചെയ്യുന്നത്. |
| (ബി) | ഇതിനാവശ്യമായ എസ്റ്റിമേറ്റും പ്ലാനും തയ്യാറായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | പദ്ധതിയുടെ നടത്തിപ്പിനായി കിറ്റ്കോയെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് ആയി നിയമിച്ചിട്ടുണ്ട്. നിലവിൽ ടോപ്പോഗ്രാഫിക്കൽ സർവേ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കി വരികയാണ് |
| (സി) | എങ്കിൽ എത്ര രൂപയുടെ എസ്റ്റിമേറ്റാണെന്ന് വ്യക്തമാക്കാമോ; എസ്റ്റിമേറ്റിന്റെയും പ്ലാനിന്റെയും പകർപ്പ് ലഭ്യമാക്കാമോ; | (സി) | പദ്ധതിയുടെ നടത്തിപ്പിനായി കിറ്റ്കോയെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് ആയി നിയമിച്ചിട്ടുണ്ട്. നിലവിൽ ടോപ്പോഗ്രാഫിക്കൽ സർവേ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കി വരികയാണ് |
| (ഡി) | എത്ര പേർക്ക് തൊഴിൽ ലഭിക്കുന്ന വ്യവസായമായിരിക്കുമിതെന്ന് വ്യക്തമാക്കാമോ? | (ഡി) | മാതൃക വ്യവസായ സമുച്ചയ കെട്ടിടത്തിൽ ആരംഭിക്കുന്ന വ്യവസായങ്ങൾ വഴി ഏകദേശം ആയിരം പേർക്ക് തൊഴിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ